പത്രക്കുറിപ്പ്
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
മെയ് 18, 2006

**ബാങ്ക് ചാർജുകളുടെ ന്യായയുക്തത ഉറപ്പാക്കാൻ പുതിയ പദ്ധതി:**
**ആർ.ബി.ഐ പ്രവർത്തക സംഘം രൂപീകരിക്കുന്നു.**

ബാങ്ക് ചാർജുകളുടെ ന്യായയുക്തത ഉറപ്പാക്കാൻ പുതിയൊരു പദ്ധതി ആവിഷ്കരിച്ച് അത് സംശുദ്ധ പ്രവർത്തന സംഹിതയിൽ (ഫെയർ പ്രാക്ടീസസ് കോഡ്) ഉൾപ്പെടുത്താനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇന്ന് ഒരു പ്രവർത്തകസംഘം രൂപീകരിച്ചിരിക്കുന്നു. ഫെയർ പ്രാക്ടീസസ് കോഡ് പാലിക്കുന്നുണ്ടോയെന്ന് ബാങ്കിംഗ് കോഡ്സ് ആന്റ് സ്റ്റാൻഡേർഡ് ബോർഡ് ഓഫ് ഇന്ത്യയാണ് നിരീക്ഷിക്കുക. പ്രവർത്തക സംഘാംഗങ്ങൾ ഇവരായിരിക്കും:

1. ശ്രീ എൻ.പി സദാശിവൻ, ബാങ്കിംഗ് ഓംബുഡ്സ്മാൻ, മുംബൈ - അധ്യക്ഷൻ
2. ശ്രീ എസ് ദിവാകര, അഖിലേന്ത്യ നിക്ഷേപക അസ്സോസിയേഷൻ
3. ശ്രീ എച്ച്.എൻ സിനോർ, മുഖ്യനിർവ്വഹണോദ്യോഗസ്ഥൻ, ഇന്ത്യൻ ബാങ്ക്സ് അസോസ്സിയേഷൻ
4. ശ്രീ പി സരൻ, ചീഫ് ജനറൽ മാനേജർ, ഡി.ബി.ഒ.ഡി
5. ശ്രീ കാസാ സുധാകർ, ചീഫ് ജനറൽ മാനേജർ, ആർ.പി.സി.ഡി, അംഗ-സെക്രട്ടറി

പ്രവർത്തക സംഘത്തിന്റെ പരിഗണനയിലുള്ള വിഷയങ്ങൾ താഴെ പറയുന്നവയാണ്.

i. മേൽപ്പറഞ്ഞ പദ്ധതി ബാധകമാക്കേണ്ടതും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുള്ളതുമായ വിവിധ പ്രാഥമിക ബാങ്കിംഗ്/സാമ്പത്തിക സേവനങ്ങളുടെ ഇനംതിരിച്ചുള്ള കണക്കെടുപ്പ്.
ii. അത്തരം സേവനങ്ങളുടെ ചാർജ്ജ് / ഫീസ് നിശ്ചയിക്കുന്നതിനായി ബാങ്ക് അവലംബിച്ചിട്ടുള്ള തത്വം / രീതി അപഗ്രഥിക്കുകയും ഉചിതമായ ക്ലിപ്തവ്യവസ്ഥകൾ നിർണ്ണയിക്കുകയും ചെയ്യുക.
iii. (ii) ൽ സൂചിപ്പിച്ചിരിക്കുന്ന തത്വങ്ങളെ അടിസ്ഥാനമാക്കി സേവന ചാർജ്ജുകളുടെ നിശ്ചയിക്കൽ/മാറ്റം വരുത്തൽ, വിജ്ഞാപനം എന്നിവയുടെ ന്യായയുക്തത ഉറപ്പുവരുത്തുന്നതിനായി ഒരു പദ്ധതി ആവിഷ്കരിക്കുക.
iv. (iii) ൽ പറയുന്ന തരത്തിലുള്ള പദ്ധതിയെ സംബന്ധിച്ച് ഫെയർ പ്രാക്ടീസ്സ് കോഡിലേക്ക് ഉചിതമായ നിർദ്ദേശങ്ങൾ ചേർക്കുക.

v. ബാങ്കിംഗ് കോഡ്സ് ആന്റ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇൻഡ്യയുടെ ഫെയർ പ്രാക്ടീസസ് കോഡിലെ ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കപ്പെടുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുക.

vi. പ്രാധാന്യമുള്ള മറ്റേതൊരു കാര്യവും.

2006-07 ലെ വാർഷികനയ പ്രസ്താവനയിലെ 162-ാം ഖണ്ഡികയിൽ, ബാങ്കുകൾ അന്യായവും അതാര്യവുമായ സേവന ചാർജുകൾ ഈടാക്കുന്നതായും ഇക്കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥാപിത സംവിധാനങ്ങൾ അപര്യാപ്തമാണെന്നും ചൂണ്ടിക്കാട്ടി ആക്ഷേപങ്ങൾ റിസർവ് ബാങ്കിന് കിട്ടിക്കൊണ്ടിരിക്കുന്നുണ്ടെന്ന നിരീക്ഷണം ശ്രദ്ധിക്കുക. ആ നയപ്രസ്താവനയിൽ തന്നെ ബാങ്ക് ചാർജുകളുടെ ന്യായയുക്തത ഉറപ്പ് വരുത്താനുള്ള പദ്ധതി ആവിഷ്കരിക്കാനായി ഒരു പ്രവർത്തകസംഘം ഉണ്ടാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

അൽപ്പന കില്ലാവാല
ചീഫ് ജനറൽ മാനേജർ

പത്രക്കുറിപ്പ് 2005-2006/1490